# ദനഹാ

## ഷെവലിയാർ ചെറിയാൻ വേങ്കടത്ത്


### സെൻറ് ജോർജ് സുറിയാനിപ്പള്ളി, ചിക്കാഗൊ


ദനഹായെപ്പറ്റി പറയുമ്പോൾ കർത്താവിൻെറ മാമോദീസായെ കുറിച്ചുള്ള ചില ചിന്തകൾ ഇവിടെ പങ്കു വെയ്ക്കാം

ദനഹാ എന്ന വാക്കിൻെറ അർത്ഥം ഉദയം എന്നാണ്. ഈ പെരുന്നാളിനെ മലയാളത്തിൽ 'രാക്കുലി' പെരുന്നാൾ എന്നു പറയും. യേശു തമ്പുരാൻ മാമോദീസ സ്വീകരിച്ചത് യോർദാൻ നദി, യാർമ്മോക്ക് നദി, യാബോക്ക് നദി എന്നീ മൂന്ന് നദികൾ സംഗമിക്കുന്ന സ്ഥാനത്ത് വെച്ചാണ്. ഈ സ്ഥാനത്തെ ത്രിവേണി സംഗമം എന്ന പേരിൽ അറിയുന്നു.

ഹെർമ്മോൻ മലയിൽ നിന്നും ഉത്ഭവിക്കുന്ന യോർദാൻ നദിയിൽ കൂടി ഒഴുകി വരുന്നത് മഞ്ഞു കലർന്ന തണുത്ത ജലമാണ്. യാർമോക്ക് നദി ദാൻ മരുഭൂമിയിൽ കൂടി കടന്നു വരുന്നതിനാൽ അതിൽ ചൂടുള്ള ജലമാണ്. സുഗന്ധദ്രവ്യങ്ങളും ഔഷധച്ചെടികളും നിറഞ്ഞു നിൽക്കുന്ന ഗിലയാദ് പർവ്വത നിരയിൽ കൂടി കടന്നു വരുന്ന യാബോക്ക് നദിയിലെ ജലം ഔഷധഗുണമുള്ളതും സുഗന്ധ ദ്രവ്യങ്ങൾ അടങ്ങിയതുമാണ്.

സുറിയാനിക്കാർ ചൂടുവെള്ളവും തണുത്ത വെള്ളവും, വിശുദ്ധ മൂറോനും മാമോദീസാ തൊട്ടിയിൽ ഉപയോഗിക്കുന്നതിൻെറ ഒരു കാരണം ഇതാണ്.

കർത്താവ് മാമോദീസാ സ്വീകരിക്കുന്നത് 30-ാമത്തെ വയസ്സിൽ ആണ്. ന്യായപ്രമാണമനുസരിച്ച് ഒരുവൻ പൗരോഹിത്യത്തിനടുത്ത ശുശ്രൂഷയിൽ പ്രവേശിക്കണമെങ്കിൽ അവന് 30 വയസ്സ് പൂർത്തിയായിരിക്കണം. (സഖ്യാപുസ്തകം 4:1)

യോർദാൻ നദിയിലെ ജലത്തിനു മേൽപ്പറഞ്ഞ പ്രത്യേകതകൾ ഉള്ളതുകൊണ്ടല്ല, യേശു ക്രിസ്തു മാമോദീസാ ഏൽക്കുന്നതിനു വേണ്ടി യോർദാൻ നദി തിരഞ്ഞെടുത്തത്.

യേശുക്രിസ്തുവിൻെറ മാമോദീസായെപ്പറ്റി പല പിതാക്കന്മാരും അവർക്ക് കിട്ടിയിരിക്കുന്ന വെളിപാട് അനുസരിച്ച് വ്യാഖ്യാനിച്ചിട്ടുണ്ട്. അതിൽ നിനുവയിലെ ഇസഹാക്ക് പറയുന്നത് യോർദാനിലെ വെള്ളത്തിൻെറ മേന്മകൊണ്ടല്ല കർത്താവ് യോർദാനിൽ മാമോദീസ സ്വീകരിച്ചത്, എന്നാൽ യേശുക്രിസ്തു യോർദാനിലെ വെള്ളത്തിൽ ഇറങ്ങിയപ്പോൾ സകല ജലവും വിശുദ്ധമായി.

യേശുക്രിസ്തു മാമോദീസ സ്വീകരിക്കുന്നതിനു വേണ്ടി വെള്ളത്തിൽ ഇറങ്ങിയപ്പോൾ ഇവൻ ദൈവപുത്രൻ എന്ന് പിതാവിൻെറ പ്രഖ്യാപനം, പരിശുദ്ധാത്മാവ് പ്രാവിൻെറ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു, പുത്രൻ തമ്പുരാൻ മാമോദീസ ഏൽക്കുന്നതിനു വേണ്ടി യോർദാൻ നദിയിൽ നിൽക്കുന്നു. വിശുദ്ധ ത്രിത്വം ഭൂമിയിൽ ആവസിച്ചപ്പോൾ, ആത്മാവിൻെറ പ്രൊജ്വാലനം പ്രാവിൻെറ രൂപത്തിൽ പരിയാവസിച്ചപ്പോൾ യോർദാനിൽ തീയുണ്ടായി യോർദാനിലെ ജലം തിളച്ചു എന്നാണ് മോർ എഫ്രേമും മോർ അഫ്രഹാത്തും പറയുന്നത്.

നിനുവയിലെ ഇസഹാക്ക് വീണ്ടും പറയുന്നു, യേശുക്രിസ്തു സ്നാപകയോഹന്നാനിൽ നിന്നും മാമോദീസ സ്വീകരിക്കുന്നത് സ്നാപകയോഹന്നാൻെറ വിശുദ്ധികൊണ്ടല്ല, എന്നാൽ ഇസ്രായേൽ ജനങ്ങൾക്ക് ദൈവപുത്രനെ കാണിച്ചുകൊടുക്കുവാനായി ദൈവത്താൽ നിയോഗിക്കപ്പെട്ട ആളാണ് സ്നാപകയോഹന്നാൻ.

ജോസഫിൻേറയും മറിയത്തിൻേറയും മകനായ യേശു ആണ് വരാനിരിക്കുന്ന മശിഹ, അല്ലെങ്കിൽ ദൈവപുത്രൻ എന്ന് അതുവരേയും മനസിലാക്കാതിരുന്ന യോഹന്നാന്, ദൈവം വെളിപ്പെടുത്തി കൊടുത്തു "ആരുടെ മേൽ പരിശുദ്ധാത്മാവ് പ്രാവിൻെറ രൂപത്തിൽ ഇറങ്ങി ആവസിക്കുന്നതായി നീ കാണുന്നുവോ അവനാണ് പരിശുദ്ധാത്മാവിനെ കൊണ്ട് സ്നാനം നൽകുന്നവൻ" അവിടെ കൂടിയിരുന്നവർക്കാർക്കും ആ ശബ്ദം ശ്രവിക്കുവാൻ സാദ്ധിച്ചില്ല, അവർ ഒരു ഇടിമുഴക്കം മാത്രമേ കേട്ടുള്ളു (വിശുദ്ധ യോഹന്നാൻ 1: 33).

യേശുക്രിസ്തു യോഹന്നാനിൽ നിന്നും മാമോദീസാ ഏറ്റതുകൊണ്ട്. യേശുക്രിസ്തുവിനല്ല യോഹന്നാൻ സ്നാപകനാണ് അതിൻെറ ഗുണം ലഭിച്ചത്. ദൈവപുത്രനെ ലോകത്തിനു കാണിച്ചുകൊടുക്കുവാനുള്ള മഹാഭാഗ്യം ലഭിച്ചു. യേശുക്രിസ്തുവിന് മാമോദീസാ നൽകുന്നതിൽ കൂടി ദൈവനീതി യോഹന്നാന് മനസിലാക്കി കൊടുക്കുന്നു (വിശുദ്ധ യോഹന്നാൻ 1: 29-34).

പാപമില്ലാത്ത ഒരേ ഒരുവൻ താൻ മാത്രമേയുള്ളു, അങ്ങനെയെങ്കിൽ സ്നാപകയോഹന്നാൻ നൽകിയ മാനസാന്തരത്തിൻെറ മാമോദീസ കർത്താവ് സ്വികരിക്കണ്ട ആവശ്യമില്ലായിരുന്നു. എന്നാൽ എല്ലാം പൂർത്തികരിക്കേണ്ടതിനു വേണ്ടിയാണ് സ്നാപകയോഹന്നാനിൽ നിന്നും യേശുക്രിസ്തു മാമോദീസ സ്വികരിച്ചത്.

കർത്താവിൻെറ മാമോദീസായോടുകൂടി ലേവ്യ പൗരോഹിത്യം കർത്താവ് തിരികെ സ്വികരിക്കുന്നു, എന്നത് അതോടുകൂടി തന്നെയുള്ള വേറൊരു വ്യാഖ്യാനമാണ്.

വേറെ വ്യാഖ്യാനങ്ങളുമുണ്ട്; യഹൂദാപാരമ്പര്യമനുസരിച്ച് ബലി കഴിക്കേണ്ട വസ്തുവും, കാർമ്മികനും കുളിച്ച് ശുദ്ധമാകണം. കർത്താവിന് ഒരു ദിവസം ആയിരം പുരുഷ സംവത്സരങ്ങൾ പോലെയും ആയിരം സംവത്സരങ്ങൾ ഒരു ദിവസം പോലെയും ആകുന്നു. (2 പത്രോസ് 3:8)
30-ാമത്തെ വയസിൽ കർത്താവ് മാമോദീസാ ഏൽക്കുന്നു, 33-ാമത്തെ വയസിൽ ബലിയാകുന്നു. സ്വർഗ്ഗത്തിലെ കണക്കനുസരിച്ച് ഇടയ്ക്കുള്ള 3 വർഷം എന്നു പറയുന്നത് നിമിഷങ്ങളേയുള്ളു. ബലികഴിക്കാൻ പോകുന്ന വസ്തുവും കാർമികനും കുളിച്ച് ശുദ്ധിയാകുന്നു എന്നുള്ള ഒരു വ്യഖ്യാനവും ഇവിടെയുണ്ട്.

നാമ്മൾക്ക് ലഭിച്ച മാമോദീസ യേശുതമ്പുരാൻ സ്ഥാപിച്ച പരിശുദ്ധാത്മാവിൻെറ മാമോദീസ ആണ്, അത് പാപമോചനത്തിനുള്ള മാമോദീസ ആകുന്നു.

പാപമോചനത്തിനുള്ള മാമോദീസാ സ്വികരിക്കുന്നതു മൂലം നമുക്ക് ലഭിക്കുന്ന ഫലങ്ങൾ എന്തൊക്കെയാണ് എന്നു നോക്കാം.
പുത്രസ്വികാര്യം, പരിശുദ്ധാത്മാവ്, നിത്യജീവൻ

പാപം അൽപ്പമെങ്കിലും ഉണ്ടെങ്കിൽ ഇതിൽ ഒന്നു പോലും സ്വികരിക്കുവാൻ സാധ്യമല്ല. കർത്താവ് സ്ഥാപിച്ച് ഏൽപിച്ചു തന്നിരിക്കുന്ന മാമോദീസായിൽ കൂടി പാപം കഴുകിക്കളയുന്നു. ആദാമ്യപാപവും ജന്മപാപവും രണ്ടും രണ്ടാണ്. ആദാം ചെയ്ത പാപത്തിൻെറ പിന്തുടർച്ചയാണ് ആദാമ്യപാപം. കർത്താവ് ബലിയായതോടു കൂടി ആദാമ്യപാപം മനുഷ്യകുലത്തിൽ നിന്നും എന്നെന്നേക്കുമായി തുടച്ചു നീക്കി. ആദാമ്യപാപം ഇനിയും നിലനിൽക്കുന്നില്ല എന്നത് സംശയമറ്റ കാര്യമാണ്.

എന്താണ് ജന്മപാപം. ജനിക്കുന്ന ഒരു കുട്ടി യാതോരു പാപവും ചയ്തിട്ടില്ല. വിവാഹമെന്ന വിശുദ്ധ കൂദാശയിൽ കൂടി ദാമ്പത്ത്യയജീവിതം നയിച്ച്, അതിൽ നിന്നും ഉണ്ടാകുന്ന കുട്ടികൾ ദൈവത്തിൻെറ ദാനമാണ്, അവർ വിശുദ്ധരാണ്. ദൈവത്തിൻെറ അനുഗ്രഹമാണ്. ആ ദമ്പതികളും യാതോരു തെറ്റും ചെയ്തിട്ടില്ല. വൈദ്യശസ്ത്രം പറയുന്നത് ഒരു കുട്ടി ജനിക്കുമ്പോൾ അതിന് അംഗവൈകില്യങ്ങളും ബുദ്ധിവൈകില്യങ്ങളും ഉണ്ടാകുവാനുള്ള സാധ്യതകൾ 2 ലക്ഷത്തിൽപ രമാണ്. ഈ സാധ്യതകളെല്ലാം മറികടന്ന്, യാതോരു വിധ വൈകില്യങ്ങളും കൂടാതെ നമുക്ക് കിട്ടുന്ന കുട്ടികൾ ദൈവത്തിൻെറ അനുഗ്രഹമല്ലാതെ പിന്നെ എന്താണ്?

എന്നാൽ പിന്നെ ജന്മപാപം എന്താണ് എന്നു നോക്കാം.
മനുഷ്യൻ ജീവിക്കുന്നത് മാലിന്ന്യങ്ങൾ നിറഞ്ഞ ലോകത്തിലാണ്. ദുർഗ്ഗന്ധം വമിക്കുന്ന ഭാഗത്തു ചെന്നാൽ നമുക്ക് അസ്വസ്ഥതയനുഭവപ്പെടും. അന്തരീക്ഷത്തിൽ രോഗാണുക്കൾ ഉണ്ടെങ്കിൽ അത് നമ്മളെ ബാധിക്കും.

അതുപോലെ ഒരു കുട്ടി അതിൻെറ അമ്മയുടെ ഉദരത്തിൽ ജനിക്കുമ്പോൾ മുതൽ ആ അമ്മ കഴിക്കുന്ന ആഹാരവും, ശ്വസിക്കുന്ന വായുവും എല്ലാം ഗർഭസ്ഥശിശുവിനെ ബാധിക്കും എന്നു നമുക്കെല്ലാവർക്കും അറിയാം. അതുപോലെ തന്നെ ഗർഭിണിയായ സ്ത്രീയുടേയും അവളുടെ ഭർത്താവിൻേറയും മനോവികാരങ്ങളും ചിന്തകളും എല്ലാം ഗർഭസ്ഥശിശുവിനെ ബാധിക്കും. പാപപങ്കിലമായ ഈ ലോകത്തിൽ ജീവിക്കുന്ന സ്ത്രീയും പുരുഷനും ദൈവചിന്തയിൽ നിന്നും ദൈവനീതിയിൽ നിന്നും മാറിപോകുവാൻ ധാരാളം സാധ്യതകളുണ്ട്.

ഇന്നത്തെ ലോകത്തിൽ മ്ലേച്ഛതകൾ നിറഞ്ഞ് ടെലിവിഷൻ പ്രക്ഷേപണം, മദ്യത്തിൻെറ ഉപയോഗം, മനുഷ്യർ തമ്മിലുള്ള വൈരാഗ്യവും കൊലപാതകങ്ങളും, സ്വഭാവിക ദുരന്തങ്ങൾ ഉന്നതസംസ്ക്കാരം എന്നു തെറ്റിധരിച്ച് വെറിക്കൂത്തുകളിൽ ഏർപ്പെടുക, കുടുംബത്തുള്ള  അരസത, നർമ്മരസം എന്ന ഓമനപ്പേരിൽ കാണിക്കുന്ന ഗോഷ്ടികൾ ഇതെല്ലാം നിറഞ്ഞ ലോകത്തിൽ കൂടി സഞ്ചരിക്കുമ്പോൾ, മാതാപിതാക്കൾ സ്വയമേ പാപികൾ അല്ലെങ്കിലും, പാപസംബന്ധികളാകുവാൻ സാധ്യതയുണ്ട്. ബലഹീനനായ മനുഷ്യൻെറ മനസിൽ പാപം കടന്നു കൂടും ആത് ഗർഭസ്ഥ ശിശുവിനെ ബാധിക്കും. ഉദരത്തിൽ വളരുന്ന കുഞ്ഞിൻെറ മാതാവിൻെറ മാത്രമല്ല, പിതാവിൻേറയും മനോവി കാരങ്ങളും ചിന്തകളും ആ കുഞ്ഞിനെ ബാധിക്കും.

ഉദാഹരണം; വിശുദ്ധ കന്യമറിയമിൻെറ ഉദരത്തിൽ കിടന്ന ശിശുവിൻെറ സാമിപ്യം, ഏലിശ്വായുടെ ഉദരത്തിൽ കിടന്ന  ശിശുവിന് മനസിലാക്കാൻ സാധിച്ചു.

പണ്ട് സന്ധ്യകഴിഞ്ഞാൽ ഗർഭിണികളായ സ്ത്രീകൾ പുറത്തിറങ്ങുവാൻ പ്രായമുള്ളവർ അനുവദിച്ചിരുന്നില്ല. കാരണം സന്ധ്യാസമയത്ത് സഞ്ചരിക്കുന്ന ചില പക്ഷികൾ പുറപ്പിടിവിക്കുന്ന, നമുക്ക് കേൾക്കാൻ പോലും സാധിക്കാത്ത ശബ്ദം ഗർഭസ്ഥ് ശിശുവിനെ ബാധിക്കും എന്ന അവരുടെ ശാസ്ത്രം അംഗികരിച്ചേ പറ്റു.

മാതാപിതാക്കന്മാർ പോലും അറിയാത്ത, പാപചിന്തകളിൽ കൂടി കടന്നു വന്ന കുഞ്ഞിനെ വെടിപ്പാക്കി ശുധീകരിക്കുന്നതാണ് മാമോദീസാ. പാപങ്ങളിൽ എൻെറ മാതാവ് എന്നെ ഗർഭം ധരിച്ചു എന്ന് ദാവീദ് രാജാവ് പ്രാർത്ഥികുന്നത് ഈ അർത്ഥത്തിൽ ആണ്.

കർത്താവ് സ്ഥാപിച്ച മാമോദീസാ ഏൽക്കുന്നതോടുകൂടി ജന്മപാപം ഇല്ലാതാകുന്നു.

പഴയ നിയമത്തിലുള്ള ചേലാകർമ്മമത്തിനു പകരമാണ് കർത്താവ് മാമോദീസ സ്ഥാപിച്ചത്. ദനഹാപ്പെരുന്നാളിൽ നമ്മുടെ എല്ലാവരുടേയും മനസിൽ സത്യപ്രകാശം ഉദിക്കട്ടെ.